"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വീരകുമാർ കമ്മിറ്റി റിപ്പോർട്ട് ശിപാർശ - 100 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിൽ ജീവനക്കാർക്ക് 3-ഷിഫ്റ്റ് (6/6/12) സമ്പ്രദായം നടപ്പിലാക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.155/2021/തൊഴിൽ** തീയതി, തിരുവനന്തപുരം, 27/01/2021

---

പരാമർശം:-
1. സ്വകാര്യ ആശുപത്രികളിലെ നഴ്സ് വിഭാഗം ജീവനക്കാരുടെ ജോലി സമയം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയ വീരകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട്.
2. 24.02.2016ന് ചേർന്ന സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. 04.01.2018 തീയതിയിൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. ലേബർ കമ്മീഷണറുടെ 06.12.2018ലെ കെ(2)18535/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്വകാര്യ ആശുപത്രികളിലെ നഴ്സ് വിഭാഗം ജീവനക്കാരുടെ ജോലി സമയം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയ വീരകുമാർ കമ്മിറ്റി, സ്വകാര്യ ആശുപത്രി മേഖലയിലെ 100 ബെഡിൽ കൂടുതലുള്ള ആശുപത്രികളിലെ 3-ഷിഫ്റ്റ് (6/6/12) സമ്പ്രദായം നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ മുൻ വ്യവസായ ബന്ധസമിതി വിശദമായി ചർച്ചചെയ്യുകയും തുടർന്ന് 24.02.2016-ൽ മുൻ തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ വ്യവസായ ബന്ധസമിതി യോഗത്തിൽ സ്വകാര്യ ആശുപത്രികളിൽ മൂന്ന്-ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും അതത് ആശുപത്രികളിലെ സാഹചര്യങ്ങളനുസരിച്ച് ട്രേഡ് യൂണിയനുകളും മാനേജ്മെന്റും കൂടിയാലോചിച്ച് ഷിഫ്റ്റ് സമയക്രമം തീരുമാനിക്കുന്നതിനും 8 മണിക്കൂറിൽ അധിക ജോലി ചെയ്യുന്നവർക്ക് നിയമപരമായി ഓവർടൈം അലവൻസ് നൽകുന്നതിനും ജീവനക്കാർക്ക് വീട്ടിലെത്താൻ ഗതാഗത സൗകര്യമില്ലെങ്കിൽ ആശുപത്രി തലത്തിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനുള്ള തീരുമാനവും പരാമർശം 2 പ്രകാരം എടുത്തിരുന്നു. ടി വിഷയത്തിൽ മറ്റു നിർദ്ദേശങ്ങളോ ഉത്തരവുകളോ ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ 04.01.2018 തീയതിയിൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി മേൽ വിഷയം ചർച്ച ചെയ്യുകയും 100 ബെഡിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും മൂന്ന്-ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും 8 മണിക്കൂർ/ദിവസം, 48 മണിക്കൂർ/ആഴ്ച, 208 മണിക്കൂർ/മാസം എന്ന നിലയ്ക്ക് മാസത്തിൽ 208 മണിക്കൂറിൽ അധികരിച്ചാൽ ഓവർടൈം അലവൻസിനു അർഹതയുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് ഷിഫ്റ്റ് സമ്പ്രദായം സംബന്ധിച്ച അഭിപ്രായം സർക്കാരിനെ അറിയിക്കുവാൻ പരാമർശം 3 പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു. മേൽ വിഷയം ലേബർ കമ്മീഷണർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

2) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വീരകുമാർ കമ്മിറ്റിയുടെ ശിപാർശയുടെയും ആയതിന്മേലുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ ശിപാർശയുടെയും നിർദ്ദേശങ്ങളുടെയും

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 100-ൽ കൂടുതൽ കിടക്കകളുടെ സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും മൂന്ന് ഷിഫ്റ്റ് സമ്പ്രദായം (6/6/12 മണിക്കൂർ) , ഓവർടൈം അലവൻസിന് ( 8 മണിക്കൂർ/ദിവസം, 48 മണിക്കൂർ/ആഴ്ച, 208 മണിക്കൂർ/മാസം എന്ന നിലയ്ക്ക് മാസത്തിൽ 208 മണിക്കൂറിൽ അധികരിച്ചാൽ) അർഹതയുണ്ടെന്ന നിബന്ധനയോട് കൂടിയും ജീവനക്കാർക്ക് വീട്ടിലെത്താൻ ഗതാഗത സൗകര്യമില്ലാത്ത പക്ഷം ആശുപത്രി തലത്തിൽ റസ്റ്റ് റൂം ലഭ്യമാക്കണമെന്ന വ്യവസ്ഥയോട്ടുകൂടിയും നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷൈജ സി ജി**

**അണ്ടർ സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ചെയർമാൻ, മിനിമം വേതന ഉപദേശക സമിതി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ചെയർമാൻ, സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

*പകർപ്പ്:-* ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്-ന്

അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ